## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.9

08.02.2016 -ൽ മറുപടിക്ക്

### ദേശീയ സമുദ്ര മത്സ്യമേഖലാ നയ പരിഷ്കരണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എൻ.ഷംസുദ്ദീൻ<br>ശ്രീ.സി.മോയിൻ കുട്ടി<br>ശ്രീ.കെ.എം. ഷാജി<br>ശ്രീ.പി.ബി.അബ്ദുൾ റസാക് | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | ദേശീയ സമുദ്ര മത്സ്യമേഖലാ നയം പരിഷ്കരിക്കാൻ കേന്ദ്രം നടപടി സ്വീകരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | നയപരിഷ്കരണം മൂലം നിലവിലെ സ്ഥിതി വിശേഷത്തിൽ എന്തൊക്കെ വ്യതിയാനങ്ങൾ വരുത്തുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;<br>വിശദമാക്കുമോ; | (ബി) | ഉണ്ട്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു. |
| (സി) | മത്സ്യമേഖലയുടെ താല്പര്യങ്ങൾക്ക് ഹാനികരമാവാത്ത വിധം പരിഷ്കരണ സാഹചര്യങ്ങൾ അനുകൂലമാക്കിയെടുക്കാൻ ഏതൊക്കെ നീക്കങ്ങൾ നടത്താനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ? | (സി) | നിലവിലെ കമ്മറ്റിയിൽ സംസ്ഥാനത്തെ മത്സ്യത്തൊഴിലാളി പ്രതിനിധികളെയോ സ്റ്റേക്ക് ഹോൾഡേഴ്സിനെയോ ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥരെയോ ഉൾപ്പെടുത്തിയിട്ടില്ല ആയതിനാൽ ഇവരെ കൂടി ദേശീയ സമുദ്ര മത്സ്യമേഖലാ നയത്തിന്റെ കരട് റിപ്പോർട്ട് രൂപീകരിക്കുന്നതിനുള്ള വിദഗ്ധ സമിതിയിൽ ഉൾപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാരിനോട് ശുപാർശ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

ദേശീയ സമുദ്രമത്സ്യമേഖലാ നയം രൂപീകരിക്കുന്നതിനായി ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ ഡയറക്ടർ ജനറൽ ശ്രീ.അയ്യപ്പന്റെ നേതൃത്വത്തിൽ ഒരു ഉന്നതതല സമിതി രൂപീകരിക്കുകയും ഇതുമായി ബന്ധപ്പെട്ട ഒരു ചോദ്യാവലി സി.എം.എഫ്.ആർ.ഐ യിൽ നിന്നും ലഭിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത കമ്മിറ്റിയിൽ സംസ്ഥാനത്തെ മത്സ്യമേഖലയിലെ സംഘടനാ പ്രതിനിധികളെയോ, സ്റ്റേക്ക് ഹോൾഡേഴ്സുകളെയോ മത്സ്യബന്ധന വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥന്മാരെയോ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ സംഘടനാ പ്രതിനിധികളെയും സ്റ്റേക്ക് ഹോൾഡേഴ്സിനെയും മത്സ്യബന്ധന വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥന്മാരേയും കൂടി ദേശീയ സമുദ്ര മത്സ്യമേഖലാ നയത്തിന്റെ കരട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള വിദഗ്ദ്ധ സമിതിയിൽ ഉൾപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാരിനോട് ശുപാർശചെയ്തിട്ടുണ്ട്.

590 കിലോമീറ്റർ തീരദേശമുള്ള കേരളത്തിൽ 10 ലക്ഷം വരുന്ന മത്സ്യത്തൊഴിലാളി ജനസംഖ്യയിൽ ഏകദേശം 2.57 ലക്ഷം പേരും പരമ്പരാഗത മത്സ്യത്തൊഴിലാളികളാണ്. ദേശീയ സമുദ്ര മത്സ്യമേഖലാനയം രൂപീകരിക്കുന്നതിനായി കേന്ദ്രഗവൺമെന്റ് നിയോഗിച്ചിട്ടുള്ള വിദഗ്ധ സമിതിയിൽ സംസ്ഥാന ഗവൺമെന്റിന്റെയും സംസ്ഥാന ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥന്മാരുടെയും പ്രതിനിധികളെ കൂടി ഉൾപ്പെടുത്തുക വഴി കേരളത്തിന്റെ മത്സ്യത്തൊഴിലാളി സമൂഹത്തിനും തീരദേശ മേഖലയ്ക്കും ഗുണകരമായ രീതിയിലുള്ള ഒരു നയരൂപീകരണം സാധ്യമാകുന്നതാണ്.

ആഴക്കടൽ മത്സ്യബന്ധന നയം സംബന്ധിച്ച ഡോ.മീനാകുമാരി കമ്മിറ്റി റിപ്പോർട്ടിലും ഏകീകൃത മത്സ്യബന്ധന നിരോധനം സംബന്ധിച്ച ഡോ.സെയ്ദാറാവു കമ്മിറ്റി റിപ്പോർട്ടിലും കേരളത്തിലെ മത്സ്യത്തൊഴിലാളികൾക്ക് ദോഷകരമാകുന്ന ശുപാർശകളാണ് ഉണ്ടായിട്ടുള്ളത്. ഈ രണ്ട് കമ്മിറ്റി രൂപീകരണത്തിലും സംസ്ഥാനത്തിന്റെ വിഷയങ്ങൾ അവതരിപ്പിക്കുന്നതിനായി സംസ്ഥാന ഗവൺമെന്റിന്റെയോ ഫിഷറീസ് വകുപ്പിന്റെയോ പ്രതിനിധികളോ മത്സ്യത്തൊഴിലാളി സംഘടനാ പ്രതിനിധികളെയോ സ്റ്റേക്ക് ഹോൾഡേഴ്സിനെയോ ഉൾക്കൊള്ളിച്ചിട്ടില്ലായിരുന്നു. ഒരു പരമാധികാര സ്ഥിതി സമത്വ ജനാധിപത്യ റിപ്പബ്ലിക് വിഭാവനം ചെയ്യുന്ന ഇന്ത്യൻ ഭരണഘടനയിൽ മത്സ്യബന്ധനം എന്നത് സംസ്ഥാനലിസ്റ്റിൽ ഉൾപ്പെട്ട വിഷയമാണ്. ഇപ്രകാരമുള്ള ഒരു വിഷയത്തിൽ ഒരു ദേശീയനയം രൂപീകരിക്കുന്നതിൽ എല്ലാ സംസ്ഥാനങ്ങളുടെയും നയങ്ങൾ ഉൾകൊള്ളിക്കേതുണ്ട്.

മേൽ സാഹചര്യത്തിൽ സംസ്ഥാന ഗവൺമെന്റിന്റെയും സംസ്ഥാന ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥരുടെയും പ്രതിനിധികളെയും മത്സ്യത്തൊഴിലാളി സംഘടനാ പ്രതിനിധികളെയും സ്റ്റേക്ക് ഹോൾഡേഴ്സിനെയും പ്രസ്തുത കമ്മിറ്റിയുടെ കരട് ശുപാർശ രൂപീകരിക്കുന്നതിൽ ഉൾക്കൊള്ളിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് കേന്ദ്രസർക്കാരിന് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ